പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 328 — 19.02.2013 ൽ മറുപടിക്ക്

## പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിലെ കാലതാമസം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.കെ. സദാശിവൻ<br>'' പുരുഷൻ കടലുണ്ടി<br>'' പി. ശ്രീരാമകൃഷ്ണൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൽ തീർപ്പാക്കാൻ നിഷ്കർഷിച്ച സമയപരിധി പാലിക്കപ്പെടുന്നില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ, കാലതാമസം വരുത്തുന്ന കേസുകളിൽ ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ടോ; | (എ) | ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികൾക്ക് കഴിയുന്നത്ര വേഗം തീരുമാനമെടുക്കാറുണ്ട്. |
| (ബി) സമയപരിധി സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ; പ്രസ്തുത വ്യവസ്ഥകൾ ലംഘനം നടത്തിയവർക്കെതിരെ ഇതിനകം സ്വീകരിച്ച പിഴ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ;<br><br>(സി) പരാതി സ്വീകരിച്ചതിന്റെ രസീതും എഫ്.ഐ.ആറിന്റെ പകർപ്പും നൽകാത്ത എത്ര കേസുകളിൽ വീഴ്ച വരുത്തിയവർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുകയുണ്ടായി; | (ബി) യും (സി) യും | 2013 വർഷത്തിലെ സേവനാവകാശ നിയമപ്രകാരം പോലീസ് സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ 15 ദിവസത്തിനകം തീർപ്പ് കൽപ്പിക്കേണ്ടതാണ്. സമയപരിധി ലംഘിച്ചതുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ പുളികീഴ് പോലീസ് സ്റ്റേഷനിലെ എസ്.ഐ. യുടെ വാർഷിക വേതന വർദ്ധനവ് ആവർത്തന സ്വഭാവമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ് വച്ചുകൊണ്ട് വകുപ്പുതല നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ ലഭിച്ച പരാതികളിൽ 2013 ഫെബ്രുവരി 10 വരെ തീർപ്പാക്കാൻ ബാക്കി നിൽപ്പുള്ളവയെ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ? | (ഡി) | 4695 പരാതികൾ തീർപ്പാക്കാനുണ്ട്. പോലീസ് ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**തീർപ്പാക്കാനുള്ള പരാതികളുടെ ജില്ല തിരിച്ചുള്ള എണ്ണം**

| Sl.No. | District | No. of petitions to be disposed |
|---|---|---|
| 1 | TVM CITY | 183 |
| 2 | TVM RL | 564 |
| 3 | KLM CITY | 228 |
| 4 | KLM RL | 174 |
| 5 | PTA | 332 |
| 6 | ALPY | 305 |
| 7 | KTM | 658 |
| 8 | IDKI | 216 |
| 9 | EKM CITY | 407 |
| 10 | EKM RL | 267 |
| 11 | TSR CITY | 149 |
| 12 | TSR RL | 142 |
| 13 | PLKD | 72 |
| 14 | MLPM | 226 |
| 15 | KKD CITY | 77 |
| 16 | KKD RL | 230 |
| 17 | WYND | 166 |
| 18 | KNR | 274 |
| 19 | KSGD | 25 |
| | **TOTAL** | **4695** |